പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *515 — 26.10.2016 ന് മറുപടിയ്ക്ക്.

# സ്കിൽ ഡവലപ്പ്മെന്റ് മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കിൽ ഡവലപ്പ് മെന്റ് മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (സി) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെൻറ് മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് മിഷൻ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ; | (ബി) സ്കിൽ മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദേശം ചുവടെ ചേർക്കുന്നു:<br>• മിനിസ്ട്രി ഓഫ് സ്കിൽ ഡവലപ്പ്മെൻറ് ആൻഡ് എന്റർപ്രണർഷിപ്പ് (MSDE) – നെ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ പ്രാഥമിക അധികാര കേന്ദ്രമാക്കി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ഭാരതത്തിലുടനീളമുള്ള എല്ലാ നൈപുണ്യ വികസന മേഖലകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംസ്ഥാനങ്ങളുടെ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന നോഡൽ ഏജൻസിയായി സംസ്ഥാന സ്കിൽ ഡവലപ്പ്മെന്റ് മിഷൻ (SSDM) സ്ഥാപിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.<br>• നൈപുണ്യ പരിശീലകർ മുഖേന നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഗുണ നിലവാരവും പ്രസക്തിയും മെച്ചപ്പെടുത്തുക.<br>• സ്ത്രീകൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കും നൈപുണ്യ പരിശീലനം പ്രാപ്യമാക്കുക.<br>• പൊതു – സ്വകാര്യ പങ്കാളിത്തത്തോടു കൂടി നൈപുണ്യ പരിശീലനം വിപുലപ്പെടുത്തുക. |

ടി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനത്തിന്റെ എല്ലാവിധ നൈപുണ്യ വികസന പദ്ധതികളും ഏകോപിപ്പിച്ച കേന്ദ്രീകൃത സ്ഥാപനം (ഒരു സിംഗിൾ പോയിൻറ് കോൺടാക്ട്) ആയിട്ടായിരിക്കും സംസ്ഥാന സ്കിൽ ഡെവലപ്പ്മെൻറ് മിഷൻ പ്രവർത്തിക്കുക. അതു വഴി വിവിധ നൈപുണ്യ വികസന പദ്ധതികളും പ്രോഗ്രാമുകളും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും സംസ്ഥാന സ്കിൽ ഡെവലപ്പ്മെൻറ് മിഷനു സാധിക്കും. കേന്ദ്ര സർക്കാരുമായി സഹകരിച്ച 2025 ഓടു കൂടി 25 ലക്ഷം യുവജനങ്ങളെ നിപുണരാക്കുന്നതിനും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന നൈപുണ്യ വികസന പദ്ധതികൾ ഫലപ്രദമായി ഏകോപിപ്പിക്കുക, നിരീക്ഷിക്കുക, കൂട്ടായ പ്രവർത്തനത്തിലൂടെ അവ നടപ്പിലാക്കുക എന്നിവ സംസ്ഥാന സ്കിൽ ഡെവലപ്പ്മെൻറ് മിഷന്റെ ലക്ഷ്യങ്ങളിൽ പെടുന്നു.

(സി) എന്തെല്ലാം പ്രവർത്തന ങ്ങളാണ് മിഷൻ നടത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

[signature]
സെക്ഷൻ ഓഫീസർ